ഭരണഭാഷ-മാതൃഭാഷ

നമ്പർ.400949/GGDC08/GPO/2024/214/(1)

മണിയൂർ ഗ്രാമ പഞ്ചായത്ത് ആഫീസ്

പാലയാട്

പാലയാട്നട.പി.ഓ

കോഴിക്കോട്

Phone No:04962536221

E-mail:maniyurgramapanchayat@gmail.com

തീയതി : 04/01/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ജുനൈദ്
ഇല്ലത്ത്, മണിയൂർ പോസ്റ്റ്

സർ,

വിഷയം:- കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നത് സംബന്ധിച്ച് -

സൂചന:- ബഹു:മുഖ്യമന്ത്രിയും മന്ത്രിമാരും പങ്കെടുത്ത നവകേരള സദസ്സിൽ താങ്കൾ സമർപ്പിച്ച KZD0211795 നമ്പർ അപേക്ഷ .

സൂചന പ്രകാരം താങ്കൾ നവ കേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ചതിൽ, താങ്കൾ കെട്ടിടനിർമ്മാണ അനുമതി ലഭിക്കുന്നതിന് വേണ്ടി ഈ കാര്യാലയത്തിൽ 01/10/2021 തിയ്യതി 6827/2021 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ സ്ഥലപരിശോധന നടത്തുന്നതിനായി 04/10/21 തിയ്യതി ഓവർസിയർക്ക് കൈമാറിയിരുന്നു. ആയതിൽ കെട്ടിട നിർമ്മാണ ചട്ടം പാലിക്കുന്നതായി സാങ്കേതിക വിഭാഗം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച ആധാരത്തിൽ അപേക്ഷകൻറെ മാതാവിന് മരണം വരെ താമസിക്കാനുള്ള അവകാശം ഉള്ളതിനാൽ മാതാവിൻറെ സമ്മതപത്രം ഹാജരാക്കുന്നതിന് 22/12/2021 തിയ്യതി അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ആയത് ഇതുവരെ പ്രസ്തുത രേഖ സമർപ്പിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ടി ഫയലിലെ നടപടി ക്രമങ്ങൾ അവസാനിപ്പിക്കുന്നതായി കാണിച്ച് 12.01.2022 തിയ്യതി താങ്കൾക്ക് കത്ത് നൽകിയതാണ്. എന്നാൽ ടി ഫയൽ അദാലത്തിൽ പരിഗണിച്ചതിൽ, അപേക്ഷ ചട്ടം പാലിക്കുന്നതിനാൽ ഫീസ് ഈടാക്കി പെർമിറ്റ് അനുവദിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുന്നതിനായി ഫയൽ ഓവർസിയർക്ക് കൈമാറിയിരുന്നു. ആയതിൽ 29.12.2023 തിയ്യതി ഓവർസിയർ സ്ഥപരിശോധന നടത്തുകയും പ്ലാൻ പ്രകാരമാണം നിർമ്മാണം പൂർത്തിയായതെന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പുതിയ കൈവശ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും, പഴയ ഫീസ് ഈടാക്കി പെർമിറ്റ്

അനുവദിക്കുന്നതുമാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

സജിത്ത് കുമാർ എം കെ
സെക്രട്ടറി

Signature Not Verified
Digitally signed by SAJITH KUMAR M K
Date: 2024.01.04 20:42:38 IST
Reason: ILGMS Govt. of kerala